**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 129** **30-06-2026-ൽ മറുപടിയ്ക്ക്**

**കാർഷിക ഉല്പന്നങ്ങൾക്ക് മികച്ച വിപണി കണ്ടെത്തുന്നതിനുള്ള മാർഗ്ഗങ്ങൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. കെ. യു. ജനീഷ് കുമാർ

ശ്രീ. കെ. വി. സുമേഷ്

ശ്രീ. എ. പ്രഭാകരൻ

ശ്രീ. യു. ആർ. പ്രദീപ്

**മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. സിദ്ദീഖ്

(കൃഷി വകുപ്പ് മന്ത്രി)

**(എ)** കാർഷിക ഉല്പന്നങ്ങൾക്ക് മികച്ച വിപണി കണ്ടെത്തുന്നതിനും മൂല്യവർദ്ധനവിനുമായി മുൻ സർക്കാർ രൂപീകരിച്ച കേരള അഗ്രോ ബിസിനസ്സ് കമ്പനിയുടെ (കാബ്കോ) പ്രധാന ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

**മറുപടി:** കേരളത്തിലെ കാർഷിക മേഖല നേരിടുന്ന പ്രധാന വെല്ലുവിളികളായ വിപണി ലഭ്യതക്കുറവ്, മൂല്യവർദ്ധനയുടെ അഭാവം, കർഷകർക്ക് ലഭിക്കുന്ന കുറഞ്ഞ വില എന്നിവയ്ക്ക് പരിഹാരം കാണുന്നതിനായി രൂപീകരിച്ച കേരള അഗ്രോ ബിസിനസ്സ് കമ്പനിയുടെ (കാബ്കോ) പ്രധാന ലക്ഷ്യം കാർഷിക മേഖലയെ കൂടുതൽ വിപണി അധിഷ്ഠിതവും ആധുനികവുമായ രീതിയിൽ മുന്നോട്ട് കൊണ്ടുപോകുക എന്നതാണ്. കമ്പനിയുടെ Memorandum of Association (MoA) പ്രകാരമുള്ള പ്രധാന ലക്ഷ്യങ്ങൾ ചുവടെപ്പറയുന്നവയാണ്:

1. കർഷകരിൽ നിന്ന് കാർഷിക ഉൽപ്പന്നങ്ങൾ ശേഖരിച്ച് അവയ്ക്ക് മികച്ച വിപണി കണ്ടെത്തുകയും, സംസ്കരണം, സംഭരണം, പാക്കിംഗ്, വിതരണം തുടങ്ങിയ സംവിധാനങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യുക.

2. കാർഷിക ഉൽപ്പന്നങ്ങൾക്ക് കൂടുതൽ മൂല്യം ലഭിക്കുന്നതിനായി മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണവും വിപണനവും പ്രോത്സാഹിപ്പിക്കുക.

3. ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തി വിപണിയുടെ ആവശ്യങ്ങൾക്കനുസരിച്ച് ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ വികസിപ്പിക്കാൻ കർഷകരെ സഹായിക്കുക.

4. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുകയും ഇടനിലക്കാരെ ആശ്രയിക്കുന്ന സാഹചര്യം കുറച്ച് ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുകയും ചെയ്യുക.

5. കേരളത്തിന്റെ തനത് കാർഷിക വിളകൾക്കും അവയിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്കും ദേശീയ, അന്തർദേശീയ വിപണികളിൽ കൂടുതൽ സ്വീകാര്യത നേടിക്കൊടുക്കുക.

6. കർഷക ഉൽപ്പാദക സംഘടനകൾ (FPO), സഹകരണ സ്ഥാപനങ്ങൾ, സംരംഭകർ, കയറ്റുമതിക്കാർ തുടങ്ങിയവരുമായി ചേർന്ന് ശക്തമായ കാർഷിക വിപണന ശൃംഖല സൃഷ്ടിക്കുക.

7. യുവാക്കളെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുകയും ഡിജിറ്റൽ സംവിധാനങ്ങളുടെ സഹായത്തോടെ പുതിയ കാർഷിക സംരംഭങ്ങൾക്ക് അവസരങ്ങൾ ഒരുക്കുകയും ചെയ്യുക.

8. കാർഷിക മേഖലയിലെ പുതിയ സാധ്യതകൾ പഠിക്കുക, വിപണി വിവരങ്ങൾ ശേഖരിക്കുക, പദ്ധതികൾ തയ്യാറാക്കുക, കാർഷിക സാങ്കേതികവിദ്യ, ഭക്ഷ്യസംസ്കരണം, വിപണനം തുടങ്ങിയ മേഖലകളിൽ വിദഗ്ധ പിന്തുണ നൽകുക.

ഇങ്ങനെ ഉൽപ്പാദനം മുതൽ വിപണനം വരെ കാർഷിക മൂല്യശൃംഖല ശക്തിപ്പെടുത്തി, കർഷകർക്ക് മികച്ച വരുമാനവും കാർഷിക മേഖലയ്ക്ക് സുസ്ഥിരമായ വളർച്ചയും ഉറപ്പാക്കുകയാണ് കാബ്കോയുടെ ലക്ഷ്യം.

**(ബി)** കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി കാബ്കോയുടെ നേതൃത്വത്തിൽ തിരുവനന്തപുരം ആനയറയിൽ നിർമ്മാണം ആരംഭിച്ച എക്സ്പോ സെന്റർ ആൻഡ് അഗ്രി പാർക്കിന്റെ സവിശേഷതകൾ വിശദമാക്കാമോ;

**<u>മറുപടി:</u>** കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുകയും കാർഷിക വിപണന മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുകയും ചെയ്യുന്നതിനായി തിരുവനന്തപുരം ആനയറയിലുള്ള കാർഷിക മൊത്തവ്യാപാര വിപണിയിൽ കാബ്കോയുടെ നേതൃത്വത്തിൽ എക്സ്പോ സെന്റർ ആൻഡ് ഫുഡ് കോർട്ട് പദ്ധതി നടപ്പാക്കുന്നു. പദ്ധതിയുടെ പ്രധാന സവിശേഷതകൾ ചുവടെപ്പറയുന്നവയാണ്:

1. കർഷകർ, വിവിധ കർഷക കൂട്ടായ്മകൾ, കർഷക ഉൽപ്പാദക സംഘടനകൾ (FPO), സ്റ്റാർട്ടപ്പുകൾ, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ (JLG) തുടങ്ങിയവർക്ക് അവരുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കാനും വിപണനം നടത്താനും സൗകര്യം ഒരുക്കുന്നു.

2. കാർഷിക മേഖലയിലെ പുതിയ സാങ്കേതികവിദ്യകളും നൂതന രീതികളും പരിചയപ്പെടുത്തുന്നതിനായി സാങ്കേതിക സെമിനാറുകൾ സംഘടിപ്പിക്കുന്നതിനുള്ള വേദിയായി പ്രവർത്തിക്കുന്നു.

3. ഉൽപ്പാദകരെയും വ്യാപാരികളെയും തമ്മിൽ ബന്ധിപ്പിക്കുന്നതിനും വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനുമായി ബിസിനസ് ടു ബിസിനസ് (B2B) മീറ്റുകൾ സംഘടിപ്പിക്കുന്നതിനുള്ള സൗകര്യം ഒരുക്കുന്നു.

4. കാർഷിക സംരംഭകർക്ക് പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കുന്നതിനുള്ള സാങ്കേതിക സഹായവും പരിശീലനവും നൽകുന്നു.

5. ഉൽപ്പാദകരെയും കയറ്റുമതിക്കാരെയും തമ്മിൽ ബന്ധിപ്പിച്ച് കാർഷിക ഉൽപ്പന്നങ്ങൾക്ക് കൂടുതൽ വിപണി സാധ്യതകൾ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.

6. കർഷകർ, സംരംഭകർ, വ്യാപാരികൾ, സാങ്കേതിക വിദഗ്ധർ തുടങ്ങി കാർഷിക മേഖലയിലെ വിവിധ വിഭാഗങ്ങളെ ഒരുമിച്ച് കൊണ്ടുവരുന്നതിനും അവരുടെ തമ്മിലുള്ള സഹകരണം വർദ്ധിപ്പിക്കുന്നതിനും എക്സ്പോ സെന്റർ സഹായകരമാകും.

7. എക്സ്പോ സെന്ററുമായി ബന്ധപ്പെട്ട് ഏകദേശം 35,000 ചതുരശ്ര അടി വിസ്തൃതിയിൽ ഒരു ഫുഡ് കോർട്ടും പദ്ധതിയുടെ ഭാഗമായി വിഭാവനം ചെയ്തിട്ടുണ്ട്.

**(സി)** കാർഷിക ഉല്പന്നങ്ങൾ വിപണിയിലെത്തിക്കാൻ മുൻ സർക്കാർ ആവിഷ്കരിച്ച കേരളഗ്രോ എന്ന ഏകീകൃത ബ്രാൻഡിന് കീഴിൽ എത്ര കർഷകരുടെ ഉല്പന്നങ്ങൾക്ക് നാളിതുവരെ പ്രസ്തുത ബ്രാൻഡിംഗ്

നൽകാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കേരളഗ്രോ എന്ന ഏകീകൃത ബ്രാൻഡിന് കീഴിൽ നാളിതുവരെ ആകെ 225 സംരംഭകരെ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. ഇവരിൽ കർഷകരും കർഷക ഉൽപ്പാദക സംഘടനകളും (FPOs) ഉൾപ്പെടുന്ന 197 സംരംഭകരുടെ 1059 ഉൽപ്പന്നങ്ങൾക്ക് നാളിതുവരെ ബ്രാൻഡിംഗ് നൽകിയിട്ടുണ്ട്. കൂടാതെ, മറ്റ് വിഭാഗങ്ങളിൽപ്പെട്ട സംരംഭകരുടെ ഉൽപ്പന്നങ്ങൾ ഉൾപ്പെടെ ആകെ 1360 ഉൽപ്പന്നങ്ങൾക്ക് കേരളഗ്രോ ബ്രാൻഡിംഗ് നൽകിയിട്ടുണ്ട്. കർഷകരുടെയും കർഷക ഉൽപ്പാദക സംഘടനകളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | കേരളഗ്രോ സംരംഭകർ | കേരളഗ്രോ ഉല്പന്നങ്ങൾ |
|---|---|---|---|
| 1 | തിരുവനന്തപുരം | 15 | 67 |
| 2 | കൊല്ലം | 10 | 57 |
| 3 | പത്തനംതിട്ട | 11 | 63 |
| 4 | ആലപ്പുഴ | 21 | 54 |
| 5 | കോട്ടയം | 17 | 53 |
| 6 | ഇടുക്കി | 11 | 30 |
| 7 | എറണാകുളം | 19 | 149 |
| 8 | തൃശ്ശൂർ | 7 | 93 |
| 9 | പാലക്കാട് | 19 | 82 |
| 10 | മലപ്പുറം | 21 | 83 |
| 11 | കോഴിക്കോട് | 10 | 32 |
| 12 | വയനാട് | 12 | 58 |
| 13 | കണ്ണൂർ | 19 | 218 |
| 14 | കാസർകോട് | 5 | 20 |
| | ആകെ | 197 | 1059 |

**(ഡി)** ആമസോൺ, ഫ്ലിപ്കാർട്ട് തുടങ്ങിയ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വഴി കർഷകർക്ക് നേരിട്ട് തങ്ങളുടെ ഉല്പന്നങ്ങൾ വിൽക്കാൻ കേരളഗ്രോ എന്ന ഏകീകൃത ബ്രാൻഡിംഗ് സഹായകമായിട്ടുണ്ടോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** കേരളഗ്രോ ബ്രാൻഡിംഗ് ലഭിക്കുന്നതോടെ തന്നെ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വഴി ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനുള്ള യോഗ്യത ലഭിക്കുന്നതാണ്. 16 സംരംഭകർക്ക് കേരളഗ്രോ ബ്രാൻഡിംഗ് മുഖേന തങ്ങളുടെ ഉൽപ്പന്നങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ വിപണനം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. നിലവിൽ 90 കേരളഗ്രോ ഉൽപ്പന്നങ്ങൾ ആമസോൺ, ഫ്ലിപ്കാർട്ട് തുടങ്ങിയ

ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വഴി വിൽപ്പന നടത്തിവരുന്നു. ഇതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | ഓൺലൈൻ പ്ലാറ്റ്ഫോമുകൾ ഉപയോഗിക്കുന്ന സംരംഭകർ | ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ ലഭ്യമായ ഉല്പന്നങ്ങൾ |
|---|---|---|---|
| 1 | തിരുവനന്തപുരം | 4 | 7 |
| 2 | കൊല്ലം | 0 | 0 |
| 3 | പത്തനംതിട്ട | 0 | 0 |
| 4 | ആലപ്പുഴ | 0 | 0 |
| 5 | കോട്ടയം | 2 | 6 |
| 6 | ഇടുക്കി | 0 | 0 |
| 7 | എറണാകുളം | 1 | 2 |
| 8 | തൃശ്ശൂർ | 3 | 50 |
| 9 | പാലക്കാട് | 2 | 2 |
| 10 | മലപ്പുറം | 0 | 0 |
| 11 | കോഴിക്കോട് | 1 | 9 |
| 12 | വയനാട് | 2 | 13 |
| 13 | കണ്ണൂർ | 0 | 0 |
| 14 | കാസർകോട് | 1 | 1 |
| | ആകെ | 16 | 90 |

**സെക്ഷൻ ഓഫീസർ**